# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 23, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 292)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | 2219 മുതൽ 2296 വരെ |
| സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി | 2297 മുതൽ 2324 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | 2325 മുതൽ 2414 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 2415 മുതൽ 2476 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവനജകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 2477 മുതൽ 2510 വരെ |

### വൈദ്യുതി സപ്ലൈകോഡ്

2219 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വൈദ്യുതി സപ്ലൈകോഡ് പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈദ്യുതി സപ്ലൈകോഡ് പരിഷ്ക്കരിക്കുന്നതിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടാകുന്നത്; വിശദമാക്കുമോ;

(സി) ബി. പി. എൽ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത വൈദ്യുതി സപ്ലൈ കോഡിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

## ലോഡ് ഫാക്ടർ ഇൻസന്റീവ്

2220

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പും വൈദ്യുതി റഗുലേറ്ററി കമ്മീഷനും 'ലോഡ് ഫാക്ടർ ഇൻസന്റീവ്' ആർക്കെല്ലാം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനം കടുത്ത വൈദ്യുതി ക്ഷാമം നേരിടുമ്പോൾ 'ലോഡ് ഫാക്ടർ ഇൻസന്റീവ്' സമ്പ്രദായം നടപ്പാക്കുന്നത് തടയുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) 'ലോഡ് ഫാക്ടർ ഇൻസന്റീവ്' നൽകൽ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത സമ്പ്രദായം നടപ്പിലാക്കിയാൽ വൈദ്യുതി ബോർഡിന് വരുന്ന പ്രതിവർഷ ബാധ്യത എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പവര്‍ക്കട്ടും ലോഡ്ഷെഡ്ഡിംഗും</u>

2221 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന് നാളിതുവരെ ഏതൊക്കെ കാലയളവില്‍ എത്ര തവണ വീതം പവര്‍ക്കട്ടും ലോഡ്ഷെഡ്ഡിംഗും ഏര്‍പ്പെടുത്തിയിട്ടുണ്ടായിരുന്നെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രതിസന്ധി</u>

2222 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2020-ഓടെ വൈദ്യുതി ലഭ്യമാകാതെ കേരളം കൂരിരുട്ടിലാകുമെന്ന ആശങ്ക ഏതു പഠനത്തിന്റെയും ശാസ്ത്രീയനിഗമനങ്ങളുടെയും അടിസ്ഥാനത്തിലാണെന്നു വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളുണ്ടെങ്കിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ഉപഭോഗത്തിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി

2223 ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ കേരളത്തിന് എത്ര വൈദ്യുതി ആവശ്യമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇത് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വരുന്ന വേനൽക്കാലത്ത് പ്രതിദിന വൈദ്യുതി ഉപഭോഗം എത്രത്തോളം വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) ആവശ്യമുള്ളത്ര വൈദ്യുതി ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

2013-14-ൽ ലക്ഷ്യമിട്ട വൈദ്യുതി ഉത്പാദനം

2224 ശ്രീ.പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 വർഷത്തിൽ എത്ര വൈദ്യുതി ഉത്പാദന വർദ്ധനയ്ക്കാണ് ലക്ഷ്യമിട്ടിരുന്നത്; ഇത് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വൈദ്യുത ഉല്പാദനത്തിനുള്ള പുതിയ പദ്ധതികൾ</u>

2225 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിർമ്മാണത്തിലുള്ള ചെറുകിട വൈദ്യുതി പദ്ധതികളും അവയുടെ നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കുമോ;

(സി) കേരളം നേരിടുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമായി സർക്കാർ നിർദ്ദേശിക്കുന്ന ഫലപ്രദ മാർഗങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ജലവൈദ്യുത പദ്ധതികൾ

2226 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 14 ജലവൈദ്യുത പദ്ധതികൾ 2013-14 ൽ പൂർത്തീകരിക്കുമെന്ന കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

വൈദ്യുതി റീഡിംഗ് ആധുനികവത്ക്കരണം

2227 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013–14–ൽ വൈദ്യുതി വകുപ്പിന് പ്രീ–പെയ്ഡ് മീറ്റർ, ഓട്ടോമേറ്റഡ് മീറ്ററിംഗ് സിസ്റ്റം, സ്മാർട്ട് ഗ്രിഡ് എന്നിവ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കേടായ വൈദ്യുത മീറ്ററുകൾ

2228 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേടായ മുഴുവൻ മീറ്ററുകളും മാറ്റാൻ കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര ലക്ഷം കേടായ മീറ്ററുകളാണ് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം മീറ്ററുകളാണ് മുൻഗണനാക്രമത്തിൽ മാറ്റുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

മീറ്റർ റീഡിംഗ്

2229

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത മീറ്റർ വർഷങ്ങളായി കേടായിക്കിടന്നാൽപോലും മാറ്റിസ്ഥാപിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മീറ്ററുകൾ കേടായിക്കിടക്കുന്നു എന്ന കാര്യം വ്യക്തമാക്കാമോ;

(ബി) മീറ്റർ റീഡിംഗ് എടുക്കുന്നതിനായി കെ.എസ്.ഇ.ബി. ഏതു വ്യവസ്ഥയിലാണ് ജീവനക്കാരെ നിയമിച്ചിരിക്കുന്നത്;

(സി) കരാർ ജീവനക്കാർ എടുക്കുന്ന സ്റ്റേറ്റ്മെന്റ് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ടോ;

(ഡി) മീറ്റർ റീഡിംഗും, അനുബന്ധ കാര്യങ്ങളും ഗൗരവമായി ശ്രദ്ധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കേടായ മീറ്റർ മാറ്റിവയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഊര്‍ജ്ജ സുരക്ഷാ മിഷന്‍</u>

2230 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജ സുരക്ഷാ മിഷന്റെ എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് ഇപ്പോള്‍ നടന്നുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികള്‍ക്കായി എന്തു തുക ചിലവഴിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

2231 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈദ്യുത ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്വകാര്യസ്ഥാപത്തിൽ മുൻപന്തിയിലുള്ള അഞ്ച് എണ്ണത്തിന്റെ പേര് വിവരങ്ങൾ അറിയിക്കുമോ; പ്രസ്തുത കാര്യത്തിൽ പൊതുമേഖലയിൽ മുന്നിലുള്ള അഞ്ച് സ്ഥാപനങ്ങൾ ഏതൊക്കെയാണ്?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

2232

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് ഏറ്റവും കൂടുതൽ അടയ്ക്കാനുള്ള പൊതുമേഖലാ സ്ഥാപനം, സ്വകാര്യ കമ്പനി, സ്വകാര്യ ഫാക്ടറി, സ്വകാര്യ ആശുപത്രി, സ്വകാര്യ ഹോട്ടൽ, സ്വകാര്യ റിസോർട്ട് എന്നിവയുടെ വിശദാംശങ്ങളും കുടിശ്ശിക തുകയും വെളിപ്പെടുത്തുമോ;

(ബി) ഈ സാമ്പത്തിക വർഷം നാളിതുവരെ പിരിച്ചെടുത്ത വൈദ്യുത കുടിശ്ശിക തുക എത്രയാണ്?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിലുണ്ടായ നഷ്ടം

2233 ശ്രീ. സി. ദിവാകരൻ
,, വി. എസ്. സുനിൽ കുമാർ
,, കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിലുണ്ടായ പാളിച്ചകൾ കാരണം എന്തെങ്കിലും നഷ്ടം വന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇപ്രകാരം കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) കേന്ദ്രവിഹിതമായുള്ള വൈദ്യുതി യഥാസമയം നേടിയെടുക്കുന്നതിലുണ്ടായ വീഴ്ച കാരണം എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ, കഴിഞ്ഞ രണ്ടുവർഷത്തിനിടയിലുള്ള നഷ്ടത്തിന്റെ തോത് എത്രയാണെന്നു വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി വാങ്ങുന്നതിനു ടെൻഡർ വിളിച്ച് ദീർഘകാലകരാർ ഉണ്ടാക്കുന്നതിനുള്ള കാലതാമസം മൂലം നഷ്ടമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര;

(ഡി) എത്ര കോടി രൂപയുടെ നഷ്ടം ഇക്കാലയളവിൽ വൈദ്യുതി ബോർഡിനുണ്ടായിട്ടുണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>ലാഭപ്രഭാ പദ്ധതി നിർവ്വഹണം</u>

2234

ശ്രീ. എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ എന്തെല്ലാം പ്രോത്സാഹനങ്ങളും സമ്മാനപദ്ധതികളുമാണ് ലാഭപ്രഭ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി വഴി എത്ര യൂണിറ്റ് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ലാഭപ്രഭ പദ്ധതിയിൽ ചേർന്നവർക്ക് സമ്മാനങ്ങൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>ലാഭപ്രഭ പദ്ധതിയുടെ ഗുണഭോക്താക്കൾ</u>

2235 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി യുടെ 'ലാഭപ്രഭ' പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിയ്ക്കുമോ;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ആർ. ജി. ജി. വി. വൈ. യിലേയ്ക്കുള്ള സർക്കാർ വിഹിതം</u>

2236 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. വിഭാഗങ്ങൾക്കുള്ള സൗജന്യ വൈദ്യുതി കണക്ഷൻ പദ്ധതിയായ ആർ. ജി. ജി. വി. വൈ. നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കീം പ്രകാരം അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) ഈ പദ്ധതിക്കായി കേന്ദ്രധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ലഭിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതിയിലേയ്ക്ക് സംസ്ഥാനസർക്കാർ തുക നീക്കിവയ്ക്കേണ്ടതുണ്ടോ;

(ഇ) എങ്കിൽ നാളിതുവരെ സംസ്ഥാനം എന്തുതുക ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>എനർജി പാർക്കുകൾ</u>

2237 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഊർജ്ജ സംരക്ഷണം, ഊർജ്ജസംരക്ഷണ ഉപകരണങ്ങളുടെ അസംബ്ലിങ്ങ്, റിപ്പയറിംഗ് എന്നിവയിൽ പരിശീലനം നൽകുന്നതിന് 2013-14 ൽ എനർജി പാർക്കുകൾ തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>പുതിയ ഊർജ്ജോൽപാദന പദ്ധതികൾ</u>

2238 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം ഊർജ്ജോല്പാദന പദ്ധതികൾക്കാണ് തുടക്കമിട്ടത്; വിശദമാക്കാമോ;

(ബി) വിന്റ്മിൽ, സോളാർ പദ്ധതികൾ പുതിയതായി ആരംഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പാരമ്പര്യേതരമാർഗ്ഗങ്ങളിലൂടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ്

2239 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതരമാർഗ്ഗങ്ങളിലൂടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് നിലവിൽ ഉത്പാദിപ്പിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സർക്കാർ ഏജൻസികളാണ് ഇപ്രകാരം വൈദ്യുതി ഉത്പാദിപ്പിക്കുന്നത്;

(സി) ഓരോ മാർഗ്ഗങ്ങളിലൂടെയും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും, പദ്ധതിയുടെ പേരും വിശദമാക്കുമോ; ഇപ്രകാരം ഉത്പാദിപ്പിക്കുന്ന വൈദ്യുതിയിൽ എത്ര യൂണിറ്റ് കെ.എസ്.ഇ.ബി. വാങ്ങുന്നുണ്ട്;

(ഡി) ഏതെല്ലാം സ്വകാര്യ ഏജൻസികൾക്ക് ഇപ്രകാരം വൈദ്യുതി ഉത്പാദിപ്പിക്കാൻ അനുമതി നൽകിയിട്ടുള്ളത്; ഓരോ മാർഗ്ഗങ്ങളിലൂടെയും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും പദ്ധതിയുടെ പേരും വിശദമാക്കുമോ; ഇപ്രകാരം ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയിൽ എത്ര യൂണിറ്റാണ് കെ.എസ്.ഇ.ബി. വാങ്ങുന്നത്; വിശദമാക്കുമോ;

(ഇ) സർക്കാർ സബ്സിഡിയോടെ മേൽക്കൂരകളിൽ സൗരോർജ്ജപാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കുമോ; എത്രപേർക്ക് അനുമതി നൽകിയിട്ടുണ്ടെന്നു വിശദമാക്കുമോ; എത്രപേർ പണി പൂർത്തിയാക്കി ഉത്പാദനം ആരംഭിച്ചുവെന്നു വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

(എഫ്) എത്ര യൂണിറ്റ് വൈദ്യുതി ഇപ്രകാരം ഉത്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ജി) എത്രപേർക്ക് സബ്സിഡി അനുവദിച്ചുവെന്നു വ്യക്തമാക്കുമോ; എത്ര തുക ആകെ അനുവദിച്ചുവെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>കാറ്റാടിപാടം സ്ഥാപിക്കുന്നതിന് നടപടി</u>

2240 ശ്രീ. കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റാടിപാടം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ച് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം സ്ഥലങ്ങളാണ് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്; വിവരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നടപടികൾ</u>

2241 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് കേന്ദ്ര ഏജൻസിയായ സി-വെറ്റ് (സെന്റർ ഫോർ വിൻഡ് എനർജി ടെക്നോളജി) ഏതെല്ലാം പ്രദേശങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്;

(സി) പ്രസ്തുത പ്രദേശങ്ങളിൽ നിന്നും കാര്യക്ഷമമായ രീതിയിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(ഡി) ഇതിലേക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് സ്വകാര്യ മേഖലയുടെ സഹകരണം തേടിയിട്ടുണ്ടോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

റൂഫ് ടോപ്പ് സോളാർ പവ്വർ പ്ലാന്റ് പദ്ധതി

2242 ശ്രീ. കെ. മുരളീധരൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എന്തുമാത്രം വൈദ്യുതിയാണ് ഈ പദ്ധതിവഴി ഗുണഭോക്താവിന് ലാഭിക്കാനാവുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>സൗരോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നിയമം</u>

2243 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജ്ജത്തിന് മുൻതൂക്കം നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾക്കാണ് നിയമം ബാധകമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള നിയമനിർമ്മാണപ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

### വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ

2244 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഏതെല്ലാം ഏജൻസികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വീടുകളിൽ സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ നൽകി വരുന്ന സബ്സിഡി എത്രയെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം ഉപകരണങ്ങളാണ് ഇത്തരത്തിൽ വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

സോളാർ പ്ലാന്റുകൾ

2245 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ക്ഷാമം പരിഹരിക്കാൻ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ ഈ സർക്കാർ ഏതൊക്കെ സർക്കാർ ഏജൻസികളെയും ഏതൊക്കെ സ്വകാര്യ ഏജൻസികളെയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന സർക്കാർ/സ്വകാര്യ ഏജൻസികൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സർക്കാർ കെട്ടിടങ്ങളിൽ ഏതൊക്കെ ഏജൻസികൾ മുഖാന്തിരം സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

## പാലക്കാട്ടിൽ സോളാർ വൈദ്യുതി പ്ലാന്റ്

2246

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
,, കെ. കെ. നാരായണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ വൈദ്യുതി വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ അനർട്ട്, വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എന്ത് പങ്കാണ് നിർവ്വഹിക്കാനുള്ളത്;

(ബി) പാലക്കാട് കേന്ദ്രമായി ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരോ വൈദ്യുതി ബോർഡോ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതനുസരിച്ച് എന്തു പ്രവർത്തനമാണ് നടന്നിട്ടുള്ളത്?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം അനുവദിച്ച തുക</u>

2247 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം 2012-13 വർഷത്തിൽ കേരളത്തിന് കേന്ദ്രം എത്ര തുക അനുവദിച്ചു; വിശദമാക്കുമോ;

(ബി) അതിൽ എത്ര ചെലവഴിച്ചുവെന്നത് സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ;

(സി) മുഴുവൻ തുകയും ചെലവഴിക്കാതിരുന്നതിന് കാരണം വ്യക്തമാക്കാമോ;

(ഡി) കേന്ദ്രം അനുവദിച്ച തുക ചെലവഴിക്കാതെ ലാപ്സാകുന്നതിന് കാരണക്കാരായവരെ കണ്ടെത്തി വകുപ്പ്തല നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന
(ആർ. ജി. ജി. വി. വൈ)

2248 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന ( ആർ. ജി. ജി. വി. വൈ) പ്രകാരം സംസ്ഥാനത്ത് എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള പട്ടിക നൽകാമോ;

(ബി) പിന്നോക്ക പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി നല്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന

2249 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ' യോജന പ്രകാരം മലപ്പുറം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(ബി) ജില്ലയിലെ ആദിവാസി മേഖലകളിൽ വൈദ്യുതി എത്തിച്ചേരാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പ്രദേശങ്ങളെ ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം</u>
<u>വയനാട് ജില്ലയിലെ പ്രവർത്തനം</u>

2250 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യൂതീകരൺ യോജന പ്രകാരം നടപ്പ് സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്ത് തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കി എന്നതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ചാര്‍ജ്ജ് വര്‍ദ്ധന</u>

2251 ശ്രീ. ഇ. പി. ജയരാജന്‍
,, എ. പ്രദീപ്കുമാര്‍
,, ബാബു. എം. പാലിശ്ശേരി
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡിന്റെ 2014-2015 വര്‍ഷത്തേയ്ക്കുള്ള എ.ആര്‍.ആര്‍. & ഇ.ആര്‍.സി.യും താരീഫ് പെറ്റീഷനും ഏതെല്ലാം മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് ബോര്‍ഡ് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി എത്രത്തോളം ചാര്‍ജ്ജ് വര്‍ദ്ധനവാണ് ലക്ഷ്യമിട്ടിരുന്നത് ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം വൈദ്യുതി ചാര്‍ജ്ജില്‍ വര്‍ദ്ധന വരുത്തിയതിന്റെ ഭാഗമായി വൈദ്യുത ഉപഭോക്താക്കള്‍ക്കുണ്ടായ അധികഭാരം എത്ര ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ഇലക്ട്രിസിറ്റി വർക്കർമാരുടെ ഒഴിവുകൾ

2252 ശ്രീ. ജി.എസ്.ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ ഇലക്ട്രിസിറ്റി വർക്കർമാരുടെ എത്ര തസ്തികകൾ ഒഴിവുണ്ട്; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകളിൽ നിന്നും ഏതൊക്കെ ജില്ലകളിൽ എത്ര പേരെ വീതം നിയമിച്ചുവെന്ന് അറിയിക്കുമോ;

(സി) നിയമനം നടത്തിയിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; ജീവനക്കാരുടെ കുറവ് മൂലം ഓഫീസുകളുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

2253 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ജില്ലകൾ ഏതൊക്കെയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) മസ്ദൂർ തസ്തികയിലേക്ക് എത്രയും പെട്ടെന്ന് നിയമന നടപടി പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; ഇപ്പോഴുള്ള നിയമന നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ഡി) ബോർഡ് പുതുതായി രൂപീകരിച്ചിട്ടുള്ള വൈദ്യുതി സെക്ഷനുകളിലെ മസ്ദൂർ തസ്തികയുടെ നിയമനകാര്യം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഇലക്ട്രിസിറ്റി വർക്കർ നിയമനം</u>

2254 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിൽ ഇലക്ട്രിസിറ്റി വർക്കർ (മസ്ദൂർ) തസ്തികയിൽ വേണ്ടത്ര ജീവനക്കാരില്ലാത്തത് സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മുഴുവൻ ഒഴിവുകളിലേയ്ക്കും പി. എസ്. സി ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

മസ്ദൂര്‍ തസ്തികയില്‍ കരാര്‍ തൊഴിലാളികള്‍

2255 ശ്രീ.വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡില്‍ എത്ര മസ്ദൂര്‍ തസ്തികകള്‍ കരാര്‍ തൊഴിലാളികള്‍ക്കു വേണ്ടി മാറ്റിവച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

(ബി) അവയില്‍ എത്ര എണ്ണം തിരുവനന്തപുരം ജില്ലയില്‍ ഉണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>മസ്ദൂർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ</u>

2256 ശ്രീ.വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തി ബോർഡിൽ ഇപ്പോൾ മസ്ദൂർ തസ്തികയിൽ ആകെ സ്ട്രെങ്ത് എത്രയാണെന്നും അവയിൽ ഇപ്പോൾ എത്ര ഒഴിവുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയത് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് എന്നാണ് റിപ്പോർട്ട് ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

2257 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ മസ്ദൂർ തസ്തികയിൽ ഇനിയും എത്ര ഒഴിവുകൾ നികത്തപ്പെടേണ്ടതായുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇതിലേയ്ക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതായി അറിയാമോ;

(ഡി) ഈ തസ്തികയിലേയ്ക്ക് പി.എസ്.സി നിയമനം അല്ലാതെ എത്ര പേരെ താൽക്കാലികമായി നിയോഗിച്ചിട്ടുണ്ട്; ഓരോ ജില്ലയിലും എത്ര വീതം; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിൽ കെ.എസ്.ഇ.ബി മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

2258 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വിജ്ഞാപനം ചെയ്ത കെ.എസ്. ഇ.ബി യുടെ മസ്ദൂർ തസ്തികയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു;

(ബി) മസ്ദൂർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് അറിയാമോ; ഒഴിവുകളിൽ ഇതുവരെ എത്രപേരെ നിയമിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും അവ എത്രയാണെന്നും അറിയിക്കുമോ;

(ഡി) പുതുതായി റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിയമനങ്ങൾ നടത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

**കെ.എസ്.ഇ.ബി. കമ്പനി ഘടനയും**
**ലൈൻമാൻ, മസ്ദൂർ ഒഴിവുകളും**

2259 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കമ്പനിവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഘടന വിശദമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസം നിലവിലുണ്ടോ;

(സി) ലൈൻമാൻ, മസ്ദൂർ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അവ ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിവരം നൽകുമോ;

(ഡി) ലൈൻമാൻ, മസ്ദൂർ തസ്തികകളിൽ പി.എസ്.സി.യെ അറിയിക്കാത്ത എത്ര ഒഴിവുകളുണ്ടെന്ന് ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിവരം നൽകുമോ ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി. യുടെ കമ്പനിവല്‍ക്കരണവും നിയമനവും</u>

2260 ശ്രീ. എ. കെ. ബാലന്‍
,, രാജു എബ്രഹാം
,, കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍)
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡിനെ കമ്പനിയായി പുനഃസംഘടിപ്പിക്കുമ്പോള്‍ ആയത് ഉപഭോക്താവിനെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ;

(ബി) പുതിയ കമ്പനിയില്‍ നിയമനങ്ങള്‍ പി. എസ്. സി. വഴിയായിരിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി കമ്പനിവൽക്കരണവും കേന്ദ്രനിലപാടും</u>

2261 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.യെ കമ്പനിയാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് എന്തായിരുന്നു ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ മൈക്രോ ഹൈഡൽ പ്രോജക്ടുകൾ</u>

2262 ശ്രീ. പുരുഷൻ കലടുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര മൈക്രോ ഹൈഡൽ പ്രോജക്ടുകൾക്ക് സാധ്യത കണ്ടെത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത പ്രോജക്ടുകളിൽ നിന്ന് എത്ര വീതം വൈദ്യുതി ഉത്പാദിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുത പ്രോജക്ടുകളുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ പ്രസ്തുത ആവശ്യത്തിലേക്കായി എന്തു തുക വീതം ചെലവഴിച്ചുവെന്നും പ്രസ്തുത പദ്ധതികളിൽ നിന്ന് എത്ര വൈദ്യുതി ഉത്പാദിപ്പിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

2263 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികളായ ചാത്തൻക്കോട്ട്നട, വിലങ്ങാട് എന്നിവയുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പണി പൂർത്തീകരിച്ച് പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പി. എ. പി. ഡി. ആർ. പി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ

2264 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽപ്പെട്ട കൊടുവള്ളി, മടവൂർ എന്നീ പഞ്ചായത്തുകളിൽ പി. എ. പി. ഡി. ആർ. പി. യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എത്ര കാലയളവിനുള്ളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>ചീമേനി താപ വൈദ്യുത നിലയം</u>

2265 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീമേനിയിൽ സ്ഥാപിക്കുവാനുദ്ദേശിച്ചിട്ടുള്ള താപ വൈദ്യുത നിലയത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്നു വ്യക്തമാക്കുമോ;

(ബി) താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എതിർപ്പുകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ഡി) താപവൈദ്യുത നിലയത്തിനാവശ്യമായ കൽക്കരി എവിടെനിന്നുമാണ് ലഭ്യമാക്കുവാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ചീമേനിയിലെ താപനിലയം</u>

2266 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജവകുപ്പും വ്യവസായവകുപ്പും സംയുക്തമായി ആരംഭിക്കുമെന്നു പ്രഖ്യാപിച്ച ചീമേനി താപനിലയ നിര്‍മ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; പ്രസ്തുതപദ്ധതിയുമായി മുന്നോട്ടുപോകാനാണോ ഉദ്ദേശിക്കുന്നത്;

(ബി) പ്രദേശവാസികളുടെ എതിര്‍പ്പു കണക്കിലെടുത്ത് പ്രസ്തുതപദ്ധതി പുന:ക്രമീകരിച്ച് പ്രകൃതിവാതകാധിഷ്ഠിതമാക്കാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സൗജന്യ വൈദ്യുതി കണക്ഷൻ</u>

2267 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുതര രോഗങ്ങൾ ബാധിച്ചവർ അംഗങ്ങളായ വീടുകൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം രോഗങ്ങൾ ബാധിച്ചവർക്കാണ് ഇത്തരത്തിൽ സൗജന്യ കണക്ഷൻ ലഭിക്കുവാൻ അർഹതയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ പദ്ധതി പ്രകാരം വൈദ്യുതി കണക്ഷനും ഇളവുകളും ലഭിക്കുന്നതിന് പുനലൂർ മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര എണ്ണം അനുവദിച്ചു എന്നതിന്റെ പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>പേരാമ്പ്ര നിയോജകമണ്ഡലത്തിലെ</u>
<u>വൈദ്യുതിക്ഷാമം</u>

2268 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ വൈദ്യുതിക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ച് കെ.എസ്.ഇ.ബി. എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രദേശങ്ങൾ ഏതെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്ര മണ്ഡലത്തിൽ പുതുതായി എവിടെയെല്ലാം ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ:

(സി) ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുളള പ്രവൃത്തികൾ എന്തെല്ലാമെന്നും അതിന്റെ പുരോഗതിയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ വീടുകളുടെ വൈദ്യുതീകരണം</u>

2269 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായകുളം മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം എത്രയാണ് ;

(ബി) ഇനി എത്ര വീടുകൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യധാന്യ ഗോഡൗൺ നിർമ്മാണത്തിനായി സ്ഥലം നൽകാൻ നടപടി</u>

2270 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ വൈദ്യുതി ബോർഡിന്റെ കൈവശമുള്ള 14.5 ഏക്കർ വരുന്ന സ്ഥലത്ത് നിന്നും 5 ഏക്കർ സ്ഥലം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ആധുനിക ഭക്ഷ്യധാന്യ ഗോഡൗൺ നിർമ്മാണത്തിനായി വിട്ടുകിട്ടണമെന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് വൈദ്യുതി ബോർഡ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഭൂമി കൈമാറുന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ തീരുമാനമെന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ വൈദ്യുതിഭവൻ

2271 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന് സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് വൈദ്യുതിഭവൻ ഉളളതെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ വൈദ്യുതിഭവൻ നിർമ്മിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(സി) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.ക്ക് എവിടെയെല്ലാം എത്ര സ്ഥലം വീതമാണുളളതെന്ന് അറിയിക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സെക്ഷൻ ഓഫീസുകളാണ് ഉളളത്;

(ഇ) കെ.എസ്.ഇ.ബി. ക്ക് സ്വന്തമായിട്ടുളള സ്ഥലങ്ങളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വനമേഖലയിൽ കൂടി കടന്നുപോകുന്ന ലൈൻ മാറ്റി സ്ഥാപിക്കാൻ നടപടി</u>

2272 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിൽപ്പെട്ട താമരശ്ശേരി ഇലക്ട്രിസിറ്റി സെക്ഷന്റെ പരിധിയിലുള്ള പൂനൂർ ഫീഡർ 11 കെ.വി ലൈൻ വനമേഖലയിലൂടെ കടന്നുപോകുന്നതിനാൽ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലൈൻ റോഡിലൂടെ മാറ്റി സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ പ്രായോഗികമാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ലൈൻ അറ്റകുറ്റപണിക്കിടയിൽ അപകടത്തിൽപ്പെട്ടവർ</u>

2273 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി യുടെ വിവിധ സെക്ഷനുകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനകം ലൈൻ അറ്റകുറ്റ പണിക്കിടെ എത്ര പേർ ഷോക്കേറ്റ് മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർ പരിക്ക് പറ്റി കിടപ്പിലായി എന്നും പേര് സഹിതം അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ ബോർഡ് അന്വേഷണം നടത്തി അപകടങ്ങൾക്കിടയാക്കിയ സാഹചര്യം കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് ജോലി നൽകി എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>മാവേലിക്കരയിൽ അപകടാവസ്ഥയിലുള്ള ട്രാൻസ്ഫോർമർ</u>

2274 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പുന്നമൂട് ക്ഷേത്രം ജംഗ്ഷനിലെ ട്രാൻസ്ഫോർമർ അപകടകരമായ അവസ്ഥയിലാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ആർ.എ.പി.ഡി.ആർ.പി. പ്രകാരം മാവേലിക്കര മണ്ഡലത്തിൽ ഭൂഗർഭകേബിളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലെ തഴക്കര, കരയംവട്ടം ഭാഗങ്ങളിലെ വൈദ്യുതിമുടക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>മൂന്നാർ ഹെഡ് വർക്ക്സ് ഡാമിനുസമീപം ടണൽ ഇൻലന്റിനു മുകളിലുള്ള ഹോട്ടലും കച്ചവടസ്ഥാപനങ്ങളും</u>

2275 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഹെഡ് വർക്ക്സ് ഡാമിനുസമീപം ബ്ലോസം പാർക്കിൽ ടണൽ ഇൻലന്റിന് മുകളിലായി ഹോട്ടലും കച്ചവടസ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; ഇങ്ങനെ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങൾക്ക് അനുവാദം നൽകാൻ ബോർഡിനോ സർക്കാരിനോ അധികാരം ഉണ്ടോ; ഉണ്ടെങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണ് അധികാരം നൽകിയിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഇതിനുമുമ്പ് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്ത് നടപടിയാണ് സ്വീകരിച്ചത്; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് നടപടി സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ ഭൂഗർഭകേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടി</u>

2276 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഭൂഗർഭകേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ, ഏതൊക്കെ സ്ഥലങ്ങളിലാണു സ്ഥാപിക്കുന്നതെന്നു വ്യക്തമാക്കുമോ; ഇതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതു പദ്ധതിയിലാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) ഇതു നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>മലബാറിൽ വൈദ്യുത പോസ്റ്റുകളുടെ ക്ഷാമം</u>

2277 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത പോസ്റ്റുകൾ നിർമ്മിക്കുന്ന എത്ര കാസ്റ്റിംഗ് യൂണിറ്റുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മലബാർ മേഖലയിൽ വൈദ്യുത പോസ്റ്റുകളുടെ അപര്യാപ്തമൂലം കണക്ഷൻ നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, കാലതാമസം ഒഴിവാക്കുന്നതിന് ആവിഷ്ക്കരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കിനാലൂര്‍ 110 കെ. വി. സബ്സ്റ്റേഷന്‍ നിര്‍മ്മാണം</u>

2278

ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കിനാലൂര്‍ 110 കെ. വി. സബ്സ്റ്റേഷന്‍ പ്രവൃത്തി നടപ്പിലാക്കുന്നതിലെ തടസ്സങ്ങള്‍ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വൈദ്യുതി ബോര്‍ഡ് ഭരണാനുമതി നല്‍കിയിട്ടുണ്ടോ;

(സി) ഇതിനുവേണ്ടി രണ്ട് ഏക്കര്‍ ഭൂമി ലഭ്യമാക്കിയതായി കെ. എസ്. ഐ. ഡി. സി. അറിയിച്ചിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കെ. എസ്. ഐ. ഡി. സി. ക്കു ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ ആയത് ലഭ്യമാക്കുമോ;

(ഇ) കെ. എസ്. ഐ. ഡി. സി. അധികൃതരുമായി ഇതു സംബന്ധിച്ച് മന്ത്രിതലത്തില്‍ ചര്‍ച്ച നടത്തുമോ;

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ചെറായി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസം

2279 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറായി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഇലക്ട്രിക് ലൈൻ വലിക്കുന്നത് സംബന്ധിച്ച് കോടതി നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ തടസ്സവാദം ഉന്നയിച്ചവരുടെ പരാതികൾ കേൾക്കുന്നതിന് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനെ നിയമിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>പുനലൂർ മണ്ഡലത്തിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫിസുകൾ</u>

2280 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് പുനലൂർ മണ്ഡലത്തിൽ എത്ര സെക്ഷൻ ഓഫീസുകൾ ആവശ്യമുണ്ടന്ന് വ്യക്തമാക്കുമോ;

(ബി) ആയവ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിൽ പുതിയ സെക്ഷൻ ഓഫീസ്</u>

2281 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് എത്ര ഉപഭോക്താക്കൾ വേണം എന്നത് വ്യക്തമാക്കുമോ:

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊയിലാണ്ടി സൗത്ത് സെക്ഷൻ ഓഫീസിൽ നിലവിൽ എത്ര ഉപഭോക്താക്കൾ ഉണ്ട് എന്നത് വ്യക്തമാക്കുമോ;

(സി) പരിധിയിലധികം ഉപഭോക്താക്കൾ ഉള്ള കൊയിലാണ്ടിയിലെ സൗത്ത് സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പിലാത്തറയിൽ വൈദ്യുതി സെക്ഷൻ ഓഫീസ്</u>

2282

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പിലാത്തറ കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം</u>

2283 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷൻ എത്ര പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നു; അവ ഏതെല്ലാം;

(ബി) വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്; വെളിയം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് ഓടനാവട്ടം കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുമോ; വിശദമാക്കുമോ;

(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് രൂപീകരിക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) കരീപ്ര ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ചെറുവണ്ണൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ്</u>

2284 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം ജില്ലകളിൽ കെ.എസ്.ഇ.ബി ഏതെല്ലാം സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ചെറുവണ്ണൂർ ആസ്ഥാനമാക്കി പുതിയൊരു കെ.എസ്.ഇ.ബി സെക്ഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനായി നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ</u>

2285 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം എത്ര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പേരാമ്പ്ര നോർത്ത് സെക്ഷൻ ഓഫീസ്</u>

2286 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പേരാമ്പ്ര നോർത്ത് സെക്ഷൻ ഓഫീസ് എപ്പോഴാണ് ആരംഭിച്ചത്; പ്രസ്തുത സെക്ഷന് കീഴിൽ എത്ര ഉപഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസ് ഇപ്പോഴുള്ള സ്ഥലത്തു നിന്നും മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടേക്കെന്നും അതിനുള്ള കാരണങ്ങളും വ്യക്തമാക്കുമോ;

(സി) പേരാമ്പ്ര നോർത്ത് സെക്ഷൻ ഓഫീസ് മാറ്റുകവഴി പേരാമ്പ്ര സൗത്ത് സെക്ഷൻ ഓഫീസിൽ ഉണ്ടാകുന്ന അധിക ജോലിഭാരം, ഉപഭോക്താക്കളുടെ എണ്ണ കൂടുതൽ ഇവ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വൈദ്യുത സബ്സ്റ്റേഷൻ നിർമ്മാണം</u>

2287 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രസരണ ശൃംഖല ശക്തമാക്കുന്നതിന് എത്ര 220, 110, 66, 33 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മിക്കുമെന്നാണ് 2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്;

(ബി) ഇത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സബർബൻ മെമു സർവ്വീസ്</u>

2288 ശ്രീ. പി. ബി. അബ്ദുൾ റസാക്
'' കെ. എൻ. എ. ഖാദർ
'' എം. ഉമ്മർ
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബർബൻ മെമു സർവ്വീസ് ഏർപ്പെടുത്തിയാലുണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് മുതൽമുടക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഏതൊക്കെ സെക്ടറിലാണ് പ്രാരംഭ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനം സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി

2289 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;

(സി) വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിൽ വീതി കുറഞ്ഞതും സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തതുമായ സ്ഥലത്ത് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മേൽപ്പാലം, റോഡിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അലൈൻമെന്റിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന എം.എൽ.എ.യുടെ നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ട്രെയിന്‍ യാത്രയ്ക്കിടെ കല്ലേറില്‍ പരിക്കേറ്റ പ്രീതാമോള്‍ക്ക്</u>
<u>റെയില്‍വേയില്‍ ജോലി</u>

T. 2290 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ട്രെയിന്‍ യാത്രയ്ക്കിടയില്‍ തൃശ്ശൂര്‍ ഭാഗത്ത് വച്ച് കല്ലേറില്‍ പരിക്കേറ്റ കല്ലറ പഞ്ചായത്തിലുള്ള പ്രീതാമോള്‍ക്ക് റെയില്‍വേയില്‍ ജോലി ലഭിക്കാന്‍ സംസ്ഥാന സര്‍ക്കാര്‍ കേന്ദ്ര റയില്‍വേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ;

(ബി) പ്രീതാമോള്‍ക്ക് സഹായം അനുവദിയ്ക്കണമെന്ന് എം.എല്‍. എ മുഖേന നല്‍കിയ അപേക്ഷയില്‍ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സമാനമായ കേസുകളില്‍ സ്വീകരിച്ചതുപോലുള്ള നടപടികള്‍ പ്രീതമോളുടെ കാര്യത്തിലും സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

**അന്തരീക്ഷമലിനീകരണത്തിൽ കാർബൺ മോണോക്സൈഡിന്റെ പങ്ക്**

2291 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷമലിനീകരണത്തിൽ കാർബൺ മോണോക്സൈഡിന്റെ പങ്ക് കഴിഞ്ഞ പത്തുവർഷക്കാലയളവിൽ എത്ര ശതമാനം വർദ്ധിച്ചു എന്നതു സംബന്ധിച്ച് മലിനീകരണനിയന്ത്രണബോർഡ് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) അമിതമായി അന്തരീക്ഷമലിനീകരണത്തിനു കാരണമാകുന്ന വാഹനങ്ങൾ നിരത്തിലിറക്കുന്നതു തടയാൻ ബോർഡിന്റെ ഭാഗത്തുനിന്നും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇത്തരം മലിനീകരണം തടയുന്നതിന് മോട്ടോർ വാഹനവകുപ്പ്, ആഭ്യന്തരവകുപ്പ് എന്നിവയുമായി ഏകോപിച്ചു പ്രവർത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

വേമ്പനാട്ടു കായലിലെയും കുട്ടനാട്ടിലെ നദികളിലെയും മലിനീകരണം

2292 ശ്രീ.തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടു കായലിലെയും കുട്ടനാട്ടിലെ നദികളിലെയും മലിനീകരണം സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മലിനീകരണ നിയന്ത്രണ ബോർഡ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കൺസെന്റ് മറ്റേതെങ്കിലും ഇനത്തിൽ ഫീസായി പ്രതിവർഷം തുക ഈടാക്കുന്നതിന്റെ മാനദണ്ഡങ്ങളും ഇത് സംബന്ധിച്ച ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യം മൂലം കായലും നദികളും മലിനപ്പെടാതിരിക്കാൻ വേണ്ടി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) വേമ്പനാട്ടു കായലിലെയും കുട്ടനാട്ടിലെ നദികളിലെയും തീരങ്ങളിൽ ഉള്ള സ്ഥാപനങ്ങളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് ബോർഡ് എന്തെല്ലാം നിയന്ത്രണോപാധികൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവയുടെ പ്രവർത്തനം സംബന്ധിച്ചും അനുമതിപത്രങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

ഹൗസ് ബോട്ടുകളിലെ മാലിന്യം സംസ്ക്കരിക്കുവാൻ നടപടി.

2293 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്ക്കരിക്കുന്നതിന് നീലംപേരൂരിൽ സ്ഥാപിച്ചിരുക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ശരാശരി എത്ര ബോട്ടുകളുടെ മാലിന്യം പ്രതിദിനം സംസ്ക്കരിക്കുന്നുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹൗസ് ബോട്ടുകളിലെ മാലിന്യം സംസ്ക്കരിക്കുന്നതിന് ടൂറിസം സർക്ക്യൂട്ട് പദ്ധതിയുടെ ഭാഗമായി വട്ടക്കായലിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

**അരൂര്‍ മണ്ഡലത്തില്‍ മലിനീകരണ നിയന്ത്രണ പ്ലാന്റ് അനുവദിക്കുന്നതിന് നടപടി**

2294 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ മണ്ഡലത്തിലെ ചന്തിരൂരില്‍ ഒരു പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പ് എ.എസ്.ഐ.ഡി.ഇ ഫണ്ടില്‍ നിന്നും 6 കോടി രൂപ അനുവദിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് അനുബന്ധമായി സ്റ്റേറ്റ് ഷെയര്‍ ആയി 5 കോടി രൂപ മലിനീകരണ നിയന്ത്രണ പ്ലാന്റിന് 2011 ഫെബ്രുവരിയിലെ ബഡ്ജറ്റ് പ്രസംഗത്തില്‍ ഉള്‍പ്പെടുത്തിയിരുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പുതുക്കിയ ബഡ്ജറ്റില്‍ അത് ഉള്‍പ്പെടുത്താതിരുന്ന സാഹചര്യത്തില്‍, അരൂര്‍ എം.എല്‍.എ യുടെ സബ്മിഷനു ഈ തുക അനുവദിക്കാന്‍ നടപടി സ്വീകരിക്കുമെന്ന് അന്നത്തെ മന്ത്രി മറുപടി നല്‍കിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എ, എസ്. ഐ. ഡി. ഇ ഫണ്ടിന് സ്റ്റേറ്റ് ഷെയര്‍ നല്‍കാത്തതിനാല്‍ പ്ലാന്റ് നിര്‍മ്മാണം ആരംഭിക്കാന്‍ കഴിയാത്ത സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ആകയാല്‍ തുക അനുവദിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ റോഡപകടങ്ങളും
പരിസര മലിനീകരണവും

2295 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ദേശീയപാതയോരങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നതും മത്സ്യം കയറ്റിപോകുന്ന വാഹനങ്ങളിൽ നിന്നും റോഡിലും, റോഡരികിലും മലിനജലം ഒഴുക്കിവിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഫലമായുണ്ടാകുന്ന റോഡപകടങ്ങളും പരിസര മലിനീകരണവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യം കയറ്റിപ്പോകുന്ന വാഹനങ്ങളിൽ നിന്നും മലിനജലം ഒഴുകുന്നത് തടയുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്; ആയത് ഫലപ്രദമായി നടപ്പാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഉപയോഗ ശൂന്യമായ സി.എഫ്.എൽ. ബൾബുകളുടെ സംസ്കരണം</u>

2296 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 വർഷത്തിൽ ഉപയോഗശൂന്യമായ സി. എഫ്. എൽ ബൾബുകളിൽ നിന്നുണ്ടാകുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടോ?